28-12-2004-ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന 46-ാമത് ദേശീയ ജലവികസന ഏജൻസിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ഈ പദ്ധതിക്കെതിരെയുള്ള കേരളത്തിന്റെ പ്രതിക്ഷേധം കണക്കിലെടുത്ത് പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയുടെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല എന്ന് കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകിയിട്ടുണ്ട്.

(ഡി) ചില വർഷങ്ങളിൽ അർഹതപ്പെട്ട ജലം മുഴുവൻ ലഭിക്കാറില്ല. കരാർ പ്രകാരമുള്ള ജലം ലഭ്യമാകാത്ത വർഷങ്ങളിൽ കേരളം മുഖ്യമന്ത്രിതലത്തിലും മന്ത്രി തലത്തിലും ഉദ്യോഗസ്ഥതലത്തിലും കത്ത് മുഖേനയും ഫോൺ മുഖേനയും തമിഴ് നാടിനോട് കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയറെ ഇതിന്റെ ചുമതലയിൽനിന്നും ഒഴിവാക്കിയിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വടകര-മാഹി കനാൽ ജലപാതയായി മാറ്റിയെടുക്കുന്നതിന് നടപടി

94 [551] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയിലെ വടകര-മാഹി കനാൽ ജലപാതയായി മാറ്റിയെടുക്കുന്നതിന് സർക്കാർ കേന്ദ്ര സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഇൻഡ്യാ ഗവൺമെന്റ് റിവൈസ്ഡ് ഗൈഡ്ലൈൻസിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ പുതുക്കി നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായോ;

(സി) വടകര-മാഹി കനാലിനെ സംബന്ധിച്ച പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ കാലവിളംബം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പറയാമോ;

(ഡി) പുതുക്കിയ പ്രൊപ്പോസൽ ഇൻഡ്യാ ഗവൺമെന്റിന് എപ്പോൾ സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി ആന്റ് ഡി) വടകര-മാഹി കനാലിനെ സംബന്ധിച്ച പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ തയ്യാറാകുന്ന മുറയ്ക്ക് ഇൻഡ്യാ ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly